POLICE

ഹൈവേ പൊലീസ് കൺട്രോൾ റൂം	9846100100
വനിതാ ഹെൽപ്‌ലൈൻ	9995399953
ക്രൈം സ്റ്റോപ്പർ	1090
പൊലീസ് കൺട്രോൾ റൂം	100
സൈബർ സെൽ	2329107
ഡി.ജി.പി	9497999999
കമ്മിഷണർ	9497996991

HOSPITAL

അനന്തപുരി	2579900
കിംസ്	2447575
എസ് യു ടി	4077777, 4177777

ശിവഗിരി ശ്രീനാരായണ മെഡി. മിഷൻ ഹോസ്പിറ്റൽ,
വർക്കല : 0470 2602248, 2602249

നിർദ്ദേശങ്ങൾക്കും പരാതികൾക്കും
ഇ-മെയിൽ : suggestions@kaumudi.com
9946103701, ഫോൺ: 9946108240 (എഡിറ്റോറിയൽ)
9645089898 (സർക്കുലേഷൻ)

കാർഷിക മാദ്ധ്യമ സംഗമം

തിരുവനന്തപുരം: ഫാം ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന കാർഷിക മാദ്ധ്യമ സംഗമവും ശില്പശാലയും അവാർഡ്ദാനവും ഇന്ന് നടക്കും.

രാവിലെ 11.30ന് മസ്കറ്റ് ഹോട്ടലിൽ മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യും. പ്രിൻസിപ്പൽ സെക്രട്ടറി ടിക്കാറാം മീണ അദ്ധ്യക്ഷത വഹിക്കും.

രാവിലെ 10.30ന് 'കൃഷിയും മാദ്ധ്യമങ്ങളും' എന്ന വിഷയത്തിൽ നടക്കുന്ന സെമിനാറിൽ കൃഷിവകുപ്പ് മുൻ ഡയറക്ടർ ആർ. ഹേലി വിഷയമവതരിപ്പിക്കും. സി. ഗൗരിദാസൻ നായർ മോഡറേറ്ററായിരിക്കും.

സംസ്ഥാനതല കാർഷിക ഫോട്ടോഗ്രഫി മത്സര വിജയികൾക്കുള്ള സമ്മാനം മന്ത്രി വിതരണം ചെയ്യും.

ശാസ്ത്രയാൻ ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം: ശാസ്ത്രനേട്ടങ്ങൾ സമൂഹത്തിലെത്തിക്കാൻ റൂസയും ഉന്നതവിദ്യാഭ്യാസവകുപ്പും ചേർന്ന് നടത്തുന്ന ശാസ്ത്രയാൻ പദ്ധതി ഇന്ന് രാവിലെ 10ന് ഗവ. വിമെൻസ് കോളേജ്ഹാളിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി സി.രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും.

ശശി തരൂർ എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, മേയർ വി.കെ. പ്രശാന്ത് തുടങ്ങിയവർ പങ്കെടുക്കും.

കേരള സർവകലാശാലയിൽനിന്ന് റഷ്യൻ സാഹിത്യത്തിൽ പിഎച്ച്.ഡി ലഭിച്ച പുഷ്പലത .എൽ. കുളത്തൂർ വി.എസ്.എസ്.സി റോഡ് ലീലയത്തിൽ പി. ബാഹുലേയന്റെയും എൽ. ലീലയുടെയും മകളും നേമം ക്ഷീരവികസന ഓഫീസർ രാജേഷ്.പിയുടെ ഭാര്യയുമാണ്. ശ്രീനാരായണഗുരുവിന്റെയും ടോൾസ്റ്റോയിയുടെയും സാഹിത്യ സൃഷ്ടികളിലെ വൈകാരികതയെപ്പറ്റിയായിരുന്നു ഗവേഷണം.

അദ്ധ്യാപക ഒഴിവ്

തിരുവനന്തപുരം: അരുവിക്കര ഗവ. ഫാഷൻ ഡിസൈനിംഗ് ആൻഡ്ഗാർമെന്റ്ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ഇംഗ്ലീഷ് അദ്ധ്യാപകന്റെ താത്കാലിക ഒഴിവുണ്ട്. ബി.എഡും സെറ്റും ഉള്ളവർക്കും വിരമിച്ച ഇംഗ്ലീഷ് അദ്ധ്യാപകർക്കും അപേക്ഷിക്കാം.

അഭിമുഖം 17ന് രാവിലെ 11ന് നെടുമങ്ങാട് ഗവ. ടെക്നിക്കൽഹൈസ്കൂളിൽനടക്കും.കൂടുതൽവിവരങ്ങൾക്ക്ഫോൺ: 9400006460.

ജില്ലാ ടെക്സ്റ്റൈൽ മസ്ദൂർ സംഘം ഭാരവാഹികളായ ജ്യോതിഷ്കുമാർ (ജില്ലാ പ്രസിഡന്റ്), എൻ.പ്രഭാകുമാർ (ജനറൽ സെക്രട്ടറി)

ജില്ലാ ടെക്സ്റ്റൈൽ മസ്ദൂർ സംഘം ഭാരവാഹികൾ

തിരുവനന്തപുരം: ജില്ലാ ടെക്സ്റ്റൈൽ മസ്ദൂർ സംഘം (ബി.എം.എസ്) ഭാരവാഹികളായി ജ്യോതിഷ് കുമാർ (പ്രസിഡന്റ്), എൻ. പ്രഭാകുമാർ (ജനറൽ സെക്രട്ടറി), മുരുക കുമാർ, രതീഷ്, സജു ജെ. നായർ (വൈസ് പ്രസിഡന്റുമാർ), ഷിബുകുമാർ, ബിനുചന്ദ്രൻ, രമേഷ് കുമാർ (സെക്രട്ടറിമാർ), അശോക് കുമാർ (ഖജാൻജി) എന്നിവരെ തിരഞ്ഞെടുത്തു.

ശംഖുംമുഖത്ത് തട്ടുകടകളിൽ മോഷണം

തിരുവനന്തപുരം: ശംഖുംമുഖം ബീച്ചിലെ തട്ടുകടകളിൽ മോഷണം. ബീച്ചിലെ തട്ടുകടകളിൽ സൂക്ഷിച്ചിരുന്ന പണവും ചില്ലറ സാധനങ്ങളുമാണ് മോഷണം പോയതെന്ന് കച്ചവടക്കാർ പറയുന്നു.

ഇന്നലെ പുലർച്ചെയായിരുന്നു സംഭവം. അഞ്ചു കടകളിലാണ് മോഷണം നടന്നത്. ഒരു കടയിൽ നിന്ന് 1000 രൂപയും മറ്റൊരു കടയിൽനിന്ന് 500 രൂപയും മോഷണം പോയി.

കടകളിലെ പൂട്ട് അറുത്താണ് മോഷണം നടത്തിയത്. ഒരു മാസം മുമ്പും സമാനസംഭവം ഉണ്ടായതായി കച്ചവടക്കാർ പറയുന്നു.

കെ.എസ്.ഇ.ബി എന്ന 'പച്ചപ്പരിഷ്കാരി'

■ പരിഷ്കാരങ്ങൾ പേരിൽ മാത്രം, കറണ്ട് പോയാൽ കെ.എസ്.ഇ.ബിയിൽ എല്ലാം 'പഴയ സ്റ്റൈൽ'

പി.എച്ച്.സനൽകുമാർ

KAUMUDI SPECIAL



തിരുവനന്തപുരം: കേട്ടാൽ കോരിത്തരിക്കുന്ന പരിഷ്കാരങ്ങളാണ് കെ. എസ്. ഇ. ബിയിലുള്ളത്. പക്ഷേ, വൈദ്യുതി പോയാൽ പിന്നെ നെട്ടോട്ടമാകും. പരാതിയുണ്ടെങ്കിൽ 1912 എന്ന നമ്പരിൽ വിളിക്കാം. പക്ഷേ ആരുമെടുക്കില്ല. കമ്പ്യൂട്ടറിൽ ചെയ്തുവച്ചിരിക്കുന്ന വർത്തമാനം മുഴുവൻ കേൾക്കാം. പക്ഷേ വൈദ്യുതി മാത്രം വരില്ല. കറണ്ട് പോകുന്ന നേരത്ത് സെക്ഷൻ ഓഫീസിൽ വിളിച്ചാൽ ആരും ഫോണെടുക്കില്ല. എൻജിനിയറെ വിളിച്ചാൽ അദ്ദേഹത്തിന്റെ ചീത്ത കേൾക്കണം. 'കറണ്ട് വരുമ്പോൾ വരും. രാത്രിയാണെങ്കിൽ ഇപ്പോൾ വരാനൊന്നും കഴിയില്ല. രാവിലെയെങ്ങാനും നോക്കാം' എന്നാകും ഉത്തരം. ഡിവിഷൻ അസി. എൻജിനിയറെ വിളിച്ചാൽ 1912 ൽ വിളിച്ച് പരാതി പറയാൻ ഉപദേശിക്കും. അതിൽ വിളിച്ചിട്ട് രക്ഷയില്ലാതെയാണ് വിളിക്കുന്നതെന്ന് പറഞ്ഞാൽ സെക്ഷനിൽ വിളിക്കാൻ പരുഷമായി പറയും. പിന്നെയും സംസാരിച്ചാൽ അദ്ദേഹം ഫോൺ കട്ടാക്കും.

ബില്ലടയ്ക്കാൻ ഒരുദിവസം വൈകിയാൽ പിറ്റേന്ന് കണക്ഷൻ കട്ടാക്കുന്നവരുടേതാണ് ഈ തോന്ന്യാസം. പക്ഷേ വൈദ്യുതി പോയാൽ ഈ ഉത്സാഹമില്ലെന്നാണ് പരാതി. അന്താരാഷ്ട്ര നിലവാരത്തിൽ തടസമില്ലാതെ വൈദ്യുതി നൽകുമെന്ന് ഉറപ്പ്പറയുന്ന കെ.എസ്.ഇ.ബിയിൽ നിന്നാണ് ഈ അനുഭവം.

കഴിഞ്ഞ വെള്ളിയാഴ്ച ഫോർട്ട് സെക്ഷനിലെ നന്ദിനി ലേഔട്ട്, പടിഞ്ഞാറേകോട്ട, ഈഞ്ചയ്ക്കൽ എന്നിവിടങ്ങളിലെല്ലാം രാത്രി വൈദ്യുതി പോയി. ഒരുമണിക്കൂറിന് ശേഷമാണ് തിരിച്ചുവന്നത്. ഫോർട്ട് സെക്ഷനിലും 1912 നമ്പരിലും വിളിച്ചവർക്കെല്ലാം നിരാശയായിരുന്നു ഫലം. ഒടുവിൽ ഡിവിഷൻ അസി. എൻജിനിയറെ വിളിച്ചെങ്കിലും അദ്ദേഹം സഹായിക്കാവുന്ന മൂഡിലായിരുന്നില്ല. ഒടുവിൽ ഡിവിഷൻ എൻജിനിയറെ ബന്ധപ്പെട്ടപ്പോഴാണ് കാട്ടാക്കടയിൽ 220 കെ.വി ലൈൻ ട്രിപ്പായതാണെന്ന് അറിഞ്ഞതെന്നാണ് ഒരു ഉപഭോക്താവ് പറയുന്നത്.

ഞായറാഴ്ച പേട്ട സെക്ഷനിലെ ഭഗത്സിംഗ് ലെയിൻ, ആനയറ തുടങ്ങിയിടങ്ങളിലെല്ലാം രാത്രി വൈദ്യുതി പോയപ്പോഴും പ്രതികരണം ഇതേ മട്ടിലായിരുന്നു. സെക്ഷനിൽ വിളിച്ചപ്പോൾ രാത്രി ഒന്നും ചെയ്യാനാകില്ലെന്നും രാവിലെ നോക്കാമെന്നായിരുന്നു പരുഷമായ മറുപടി. മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് എം.സി. ദത്തനൽപ്പെടെയുള്ളവർ താമസിക്കുന്ന സ്ഥലത്താണ് വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥരുടെ അനാസ്ഥ. ആസ്ത്മയും രക്തസമ്മർദ്ദവുമുൾപ്പെടെയുള്ള അസുഖങ്ങളുള്ള നിരവധി രോഗികളാണ് വൈദ്യുതി ജീവനക്കാരുടെ അവഗണനമൂലം ഗതികെട്ടത്.

അതേസമയം ബില്ലടയ്ക്കാനുള്ള പരിഷ്കാരങ്ങളെല്ലാം കൃത്യമായി നടക്കുന്നുണ്ട്. ഓൺലൈനായി ബില്ലിന്റെ പണമടയ്ക്കാം. ഓഫീസിൽ നേരിട്ട് അടയ്ക്കാൻ പോയാൽ ക്യൂ നിൽക്കേണ്ട, ഡിജിറ്റൽ ടോക്കണെടുത്ത് കസേരയിലിരിക്കാം. ടേൺ വരുമ്പോൾ ചെന്ന് അടച്ചാൽ മതി. കിയോസ്കുകളുണ്ടെങ്കിലും അത് ഉപയോഗിക്കുന്നവർ കുറവാണ്. വൈദ്യുതി തടസമുണ്ടെങ്കിൽ മാദ്ധ്യമങ്ങളിലൂടെ അറിയിക്കും. ചില സ്ഥലങ്ങളിൽ എസ്.എം.എസ് അലർട്ടും കിട്ടും. എന്നാൽ വൈദ്യുതി ബിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിൽ കൃത്യമായി വരും.

ശാർക്കര കാളിയൂട്ടിന് ഇന്ന് കുറി കുറിക്കും

ചിറയിൻകീഴ്: ശാർക്കര ദേവീക്ഷേത്രത്തിലെ ചരിത്രപ്രസിദ്ധമായ കാളിയൂട്ട് മഹോത്സവത്തിന് ഇന്ന് തുടക്കം കുറിക്കും. 23ന് വൈകിട്ടാണ് നിലത്തിൽ പോരും ദാരിക നിഗ്രഹവും. ഇന്ന് രാവിലെ 8നും 8.30നും ഇടയ്ക്ക് ക്ഷേത്ര മേൽശാന്തി കോയിക്കൽ മഠം നാരായണൻ ജയകൃഷ്ണൻ പോറ്റിയുടെ സാന്നിദ്ധ്യത്തിൽ ക്ഷേത്ര നാലമ്പലത്തിനകത്താണ് കാളിയൂട്ടിന് കുറികുറിക്കുന്നത്.

ഇതിനായി രണ്ട് താളിയോല കുറിമാനങ്ങൾ തയ്യാറാക്കും. ക്ഷേത്ര ഭണ്ഡാരപ്പിള്ള ഡി. ശശികുമാർ താളിയോലയിൽ നീട്ടെഴുതി പൊന്നറ കുടുംബത്തിലെ കൊച്ചുനാരായണപിള്ള ആശാന് കൈമാറും. അതോടെ ചടങ്ങുകൾ ആരംഭിക്കുകയായി. രണ്ടാമത്തെ കുറിമാനം മാരാർക്ക് നൽകും.

കാളിയൂട്ടിൽ വേഷം കെട്ടുന്നത് ആറ്റിങ്ങൽ പൊന്നറ കുടുംബാംഗങ്ങളാണ്. 21 ദിവസത്തെ വ്രതാനുഷ്ഠാനങ്ങളോടെ 151 പേരാണ് കർമ്മങ്ങളിൽ പങ്കെടുക്കുന്നത്. ഇന്ന് വൈകിട്ട് അത്താഴ ശീവേലിക്ക് ശേഷം ക്ഷേത്രത്തിന് തെക്കുവശത്തെ തുള്ളൽ പുരയിൽ വെള്ളാട്ടം കളി അരങ്ങേറും. ദേവിയെ കൃഷിക്കാർ വെള്ളമുണ്ട് വീശി ക്ഷീണമകറ്റുന്നതാണ് ഇതിലെ സങ്കല്പം. പൊന്നറ കുടുംബത്തിലെ എട്ട് പേർ താളത്തിൽ ചുവട് വച്ചാണ് വെള്ളാട്ടം കളിക്കുന്നത്. വെള്ള വസ്ത്രം ധരിച്ച് തലയിൽ തോർത്ത് കെട്ടി കരടികയുടെയും ചേങ്ങിലയുടെയും താളത്തോടെ നടത്തുന്ന നൃത്ത രൂപമാണ് വെള്ളാട്ടം കളി. ഒപ്പം ദേവീസ്തുതികൾ പാടി കഥ പറയും.

അരുവിപ്പുറം ആറാട്ട് നെയ്യാറിൽ നടന്നപ്പോൾ

അരുവിപ്പുറം ശിവരാത്രി മഹോത്സവം സമാപിച്ചു

നെയ്യാറ്റിൻകര : ആയിരം ഭക്തജനങ്ങളെ സാക്ഷിയാക്കി ആയിരം കുടം അഭിഷേകവും ആറാട്ടോട്ടും കൂടി അരുവിപ്പുറം ശിവരാത്രി മഹോത്സവം സമാപിച്ചു. ചൊവ്വാഴ്ച രാത്രി 12.30നുള്ള പൂജയ്ക്ക് ശേഷം ഒരു മണിയോടെ ആരംഭിച്ച ആയിരം കുടം അഭിഷേകം ബുധനാഴ്ച പുലർച്ചെ മൂന്നിന് സമാപിച്ചു. ഗുരുദേവൻ പ്രതിഷ്ഠയ്ക്കായി ശിവലിംഗം എടുത്ത നെയ്യാറിലെ ശങ്കരം കുഴിയിൽ നിന്ന് ഭക്തർ നിരനിരയായി കുടങ്ങളിൽ ശേഖരിച്ച് കൈമാറിയ ജലമാണ് ധർമ്മ സംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദയുടെ കാർമ്മികത്വത്തിൽ പ്രതിഷ്ഠയിൽ അഭിഷേകാർപ്പണം നടത്തിയത്.

തുടർന്ന് പുലർച്ചെ നാലിന് നെയ്യാറിന്റെ കടവിൽ നടന്ന ഭക്തിസാന്ദ്രമായ ആറാട്ടോടുകൂടി 13-ാമത് പ്രതിഷ്ഠാ വാർഷികവും മഹാശിവരാത്രി ആഘോഷങ്ങളും അവസാനിച്ചു.

ചെന്നൈയിൽ നടന്ന ആൾ ഇന്ത്യ ലയണസ് കോൺഫറൻസിൽ ഓവറാൾ ട്രോഫി നേടിയ ഡിസ്ട്രിക്ട് 318 എയുടെ ബോർഡ് പ്രസിഡന്റ് ലയണസ് സരസ്വതി രവീന്ദ്രനാഥ് എ.ഐ.എൽ.സി പ്രസിഡന്റ് ലയണസ് ജൂഹി ശിവകുമാറിൽ നിന്ന ട്രോഫി ഏറ്റുവാങ്ങുന്നു. ലയണസ് നീനാ സുരേഷ്, ബീനാ ശ്യാംസുന്ദർ, രമ പളനി, ജയശ്രീ പ്രദീപ് എന്നിവർ ലയൺസ് ഡിസ്ട്രിക്ട് ഭാരവാഹികളോടൊപ്പം

മാദ്ധ്യമസ്വാതന്ത്ര്യം സെമിനാർ

തിരുവനന്തപുരം: കേരള ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് സ്റ്റാഫ് അസോസിയേഷന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മാദ്ധ്യമ സ്വാതന്ത്ര്യവും ധാർമ്മികതയും സമൂഹ മാദ്ധ്യമങ്ങളുടെ പ്രസക്തിയും എന്ന വിഷയത്തിൽ സെമിനാർ നടത്തുന്നു. ഇന്ന് വൈകിട്ട് 3.30ന് വി.ജെ.ടി ഹാളിൽ നടക്കുന്ന സെമിനാർ മന്ത്രി സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും. ഡോ. സെബാസ്റ്റ്യൻപോൾ, എം.ജി. രാധാകൃഷ്ണൻ, പി.എം. മനോജ്, ഉണ്ണി ബാലകൃഷ്ണൻ എന്നിവർ സംസാരിക്കും.

സെക്രട്ടേറിയറ്റ് മാർച്ച്

തിരുവനന്തപുരം: ദളിതർക്ക് നേരെയുള്ള പൊലീസ് അതിക്രമത്തിൽ പ്രതിഷേധിച്ച് ഡി.എച്ച്.ആർ.എമ്മിന്റെയും വിവിധ ദളിത് സംഘടനകളുടെയും ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് മാർച്ച് നടന്നു. ദളിതർക്ക് നേരെ ഭരണകൂടം കടുത്ത വെല്ലുവിളിയാണ് നടത്തുന്നതെന്ന് മാർച്ചിന് നേതൃത്വം നൽകിയ ഡി.എച്ച്.ആർ.എം സംസ്ഥാന ചെയർപേഴ്സൺ ദീബിക കരിമണൽ പറഞ്ഞു.

ദളിതർക്കു നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനു പകരം കുറ്റവാളികളെ സംരക്ഷിക്കുകയും ദളിതരെ അടിച്ചമർത്തുകയുമാണ് സർക്കാർ ചെയ്യുന്നതെന്ന് ദീബിക പറഞ്ഞു. ധർണ കെ. രാമൻകുട്ടി മാസ്റ്റർ ഉദ്ഘാടനം ചെയ്തു. വിനോദ് വാളക്കാട്, ആമത്തറ നടേശൻ, കോളിയൂർ ഗോപി, അജിത് നന്തൻകോട്, സുനില ചടയമംഗലം, പ്രശാന്ത് കോളിയൂർ, യമുന കഴക്കൂട്ടം എന്നിവർ സംസാരിച്ചു.

ട്രിമ വാർഷിക സമ്മേളനത്തിന് ഇന്ന് തുടക്കം

■ ഗവർണർ ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം: മാനേജ്മെന്റ് അസോസിയേഷൻ തിരുവനന്തപുരം (ടി.എം.എ) വാർഷിക സമ്മേളനം 'ട്രിമ' ഇന്നും നാളെയും താജ് വിവാന്തയിൽ നടക്കും. 'സ്റ്റിയറിംഗ് ബിസിനസ് ഇൻ ദ ട്രാൻസ്ഫോമിംഗ് ഇക്കോണമി' എന്നതാണ് സമ്മേളന വിഷയം. ഇന്ന് വൈകിട്ട് ആറിന് ഗവർണർ പി. സദാശിവം പരിപാടി ഉദ്ഘാടനം ചെയ്യും. ട്രിമ സംഘാടക സമിതി ചെയർമാൻ ഡോ. ബാബു തോമസ്, കിംസ് മാനേജിംഗ് ഡയറക്ടർ ഡോ. എം.ഐ. സഹദുള്ള, ട്രിവാൻഡ്രം മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് പി.സി. ഹരികേഷ്, സെക്രട്ടറി സി.ഒ. ജയശ്രീ എന്നിവർ സംസാരിക്കും. 2016ലെ ടി.എം.എ ടെറുമോ പെൻപോൾ സി.എസ്.ആർ പുരസ്കാരം ടാറ്റാ കൺസൾട്ടൻസി സർവീസസിന് ഗവർണർ നൽകും.

നാളെ രാവിലെ 10ന് നടക്കുന്ന ചർച്ചയിൽ സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ ഡോ. സജി ഗോപിനാഥ്, സൺടെക് ബിസിനസ് സൊല്യൂഷൻസ് സി.ഇ.ഒ കെ. നന്ദകുമാർ, യൂബർ ഇന്ത്യ ജനറൽ മാനേജർ നിതിൻ നായർ, സ്റ്റാർട്ടപ്പ് വില്ലേജ് സ്ഥാപക സി.ഇ.ഒ സിജോ കുരുവിള ജോർജ് തുടങ്ങിയവർ പങ്കെടുക്കും.

വൈകിട്ട് നാലിന് സമാപന സമ്മേളനം മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യും. ടി.എം.എ പ്രസിഡന്റ് പി.സി. ഹരികേഷ് അദ്ധ്യക്ഷത വഹിക്കും.

മൂക്കുന്നിമലയിൽ തീപിടിത്തം

മലയിൻകീഴ്: മൂക്കുന്നിമലയിൽ വനഭൂമിയിൽ തീപിടിത്തം. ഇന്നലെ രാവിലെ 10.30 ഓടെയാണ് സംഭവം. വനഭൂമിയും സ്വകാര്യ ഭൂമിയിലെ കൃഷിയിടവുമുൾപ്പെടെ 10 ഏക്കറിൽ തീ പടർന്ന് പിടിക്കുകയായിരുന്നു. മൂക്കുന്നിമല മലയം ഭാഗത്ത് നിന്നാണ് തീ പടർന്നത്.

കാറ്റിന്റെ വേഗത കാരണം നിമിഷങ്ങൾ കൊണ്ട് ഉണങ്ങിയ മരച്ചില്ലകളിലേക്കും അടിക്കാടുകളിലേക്കും തീ പടരുകയായിരുന്നു. കാട്ടാക്കട, ചെങ്കൽചൂള, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ നിന്നെത്തിയ ഫയർഫോഴ്സ് ഉദ്യോഗസ്ഥരും നാട്ടുകാരും വൈകിട്ടോടെ തീ അണയ്ക്കുകയായിരുന്നു.

അഗ്നിശമനസേന തീ നിയന്ത്രണ വിധേയമാക്കുന്നു

ഒന്നാം ചരമവാർഷികം (15.02.2018)
എൻ.സുരേഷ്ബാബു (Rtd. PWD Engineer)
ജാംബു ബംഗ്ലാവ്, PRA-24, നാലുമുക്ക്, പേട്ട, തിരുവനന്തപുരം.
ദുഃഖിതയായ ഭാര്യ : കെ. സുമനാദേവി (Rtd. Govt. College Principal),
മകൻ : വിഷ്ണു സുരേഷ് (UST GLOBAL, Technopark).



സഞ്ചയനം നാളെ
(16.02.2018 വെള്ളിയാഴ്ച)
ആർ. കൃഷ്ണൻ (86)
കൃഷ്ണഭവൻ, തോപ്പിൽ, കഴിവൂർ പി.ഒ.
ദുഃഖിതയായ ഭാര്യ: ശകുന്തള.എൽ.
മക്കൾ, മരുമക്കൾ, ചെറുമക്കൾ.

ഇരതേടി വന്ന പാമ്പ് വലയിൽ കുരുങ്ങി
രക്ഷപ്പെട്ട പെരുമ്പാമ്പ്
വാവയെ കടിച്ചത് രണ്ട് തവണ
SNAKE MASTER
TODAY 7:35PM

വ്യവസായ വാണിജ്യ രംഗത്തെ
പുതുസ്പന്ദനങ്ങളുമായി...
Kaumudy BUSINESS NEWS
TODAY 8:00PM

Kaumudy TV - Channel Position Numbers

VIDEOCON d2h	airtel digital tv	TATA Sky	ZING	KERALA VISION	DEN	SITI DIGITAL	ACV
613	839	1845	713	35	612	108	116

For Advertisement North Zone - 9946108315 | Central Zone - 9946108251 | South Zone - 9995463872
www.kaumudy.tv www.youtube.com/kaumudy Contact - 9946103729